# KERALA INFRASTRUCTURE INVESTMENT FUND BOARD

*(A Statutory Body under Finance Department, Government of Kerala)*
Inspection Authority (Technical)
website: www.kiifb.kerala.gov.in

*Defining the Future*

No. PC1-TIW/2390/2019/KIIFB

തിയതി: 02.12.2019

പ്രേഷിതൻ,

പ്രിൻസിപ്പാൾ

ബഹുമാനപ്പെട്ട സാർ /മാഡം,

അഞ്ചു വർഷം കൊണ്ട് 50,000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുക എന്ന മഹത്തായ ലക്ഷ്യവുമായി കേരള സർക്കാരിന്റെ ധനകാര്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഏജൻസിയായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് അഥവാ **കിഫ്ബി**, സമഗ്രവും സുദൃഢവും സുസ്ഥിരവുമായ വികസന യജ്ഞവുമായി ആധുനിക കേരളത്തിന് കരുത്താകാൻ നാളിതുവരെ 45,619 കോടി രൂപയുടെ 591 പദ്ധതികൾക്ക് അനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ജില്ലകളിലും കിഫ്ബിയിലൂടെയും മറ്റ് ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ചുള്ള പ്രദർശനങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. **ബഹു. കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ** 20.12.2019 ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയുന്ന ബോധവൽക്കരണ പരിപാടി – **"കേരള നിർമ്മിതി"** യെ തുടർന്ന് എല്ലാ ജില്ലകളിലും ഇത്തരം പരിപാടികൾ മികവുറ്റ രീതിയിൽ സംഘടിപ്പിക്കുന്നതാണ്. ഇതോടനുബന്ധിച്ച് കേരളത്തിൻറെ അടിസ്ഥാന വികസന സൗകര്യത്തിന്റെ നൂതന ആശയങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പരിപാടി നടക്കുന്ന തൈക്കാട് പോലീസ് മൈതാനവേദിയിൽ വച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി പ്രശ്നോത്തരി , ഉപന്യാസ രചന, പ്രബന്ധ രചന മത്സരങ്ങളിൽ പങ്കെടുക്കാൻ കിഫ്ബി അവസരമൊരുക്കുന്നു.

മത്സരാർത്ഥികളുടെ യോഗ്യതകൾ, സമയക്രമങ്ങൾ എന്നിവയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

2nd Floor, Felicity Square, M.G.Road, Statue Thiruvananthapuram – 695001
Phone: 0471-2780900 e-mail: tiw@kiifb.org

| ക്രമ നമ്പർ | മത്സരം | വിഭാഗം | ദിവസം /സമയം | വിഷയം: |
|---|---|---|---|---|
| 1 | പ്രശ്നോത്തരി | (1) ഹൈസ്കൂൾ & ഹയർ സെക്കൻഡറി<br>(2) കോളേജ് വിഭാഗം | 21 /12/ 2019, 02:00pm മുതൽ 05:00pm വരെ | **കേരള അടിസ്ഥാന സൗകര്യ വികസനം ഇന്നുവരെ** |
| 2 | ഉപന്യാസ രചന | ഹൈസ്കൂൾ/ഹയർ സെക്കൻഡറി വിഭാഗം | 21 /12/ 2019, 02:00pm മുതൽ 05:00pm വരെ | **കേരളത്തിന്റെ അടിസ്ഥാന വികസനം , കേരളത്തിന്റെ വികസന കാഴ്ചപ്പാടുകൾ, കേരളം ഇന്നലെ ഇന്ന് നാളെ ,ഭാവികേരളം - വികസന വഴികൾ,കേരള വികസനത്തിന് നൂതന ആശയങ്ങൾ** എന്നിവയെ ആസ്പദമാക്കിയായിരിക്കും ഉപന്യാസ വിഷയം |
| 3 | പ്രബന്ധ രചന | കോളേജ് ബിരുദ വിദ്യാർത്ഥികൾ (എഞ്ചിനീയറിംഗ് / ആർട്സ് & സയൻസ്) | 21/12/ 2019 , 02:00 pm മുതൽ 05:00 pm | **കേരളത്തിൻറെ അടിസ്ഥാന വികസന സൗകര്യങ്ങൾക്കായുള്ള നൂതന ആശയങ്ങൾ (6 പുറം കവിയാതെ )** |

ഓരോ മത്സരങ്ങളിലും പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളുടെ പേര് വിവരങ്ങൾ (ഫോൺ നമ്പർ , ഇ മെയിൽ എന്നിവ ഉൾപ്പെടെ ) അതാതു സ്കൂൾ/കോളേജ് മേധാവികൾ ഡിസംബർ 12 നു മുമ്പായി താഴെ പറയുന്ന ഇ-മെയ്‌ലുകൾ മുഖേന അറിയിക്കേണ്ടതാണ്. പ്രബന്ധ രചനാ മത്സരാർത്ഥികളുടെ 6 പുറത്തിൽ കവിയാതെയുള്ള രചനകൾ കോളേജ് മേലധികാരിയുടെ സാക്ഷ്യപത്രത്തോടെ കൂടി ഡിസംബർ 12 നു മുമ്പായി ലഭിക്കത്തക്കവിധം താഴെ കൊടുത്തിരിക്കുന്ന ഇ-മെയ്‌ലുകളിലേക്കു PDF/WORD ഫോർമാറ്റിൽ അയക്കേണ്ടതാണ്. അയച്ചുതരുന്ന രചനകൾ അനുകരണങ്ങളോ പകർപ്പുകളോ ആണെന്ന് കണ്ടെത്തിയാൽ അത് നിരസിക്കപ്പെടുന്നതാണ്. ലഭ്യമായ രചനകളിൽനിന്നു ഒരു ഉന്നത സമതിയുടെ മൂല്യനിർണയത്തിനു ശേഷം തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു രചനകൾ പ്രദർശന വേദിയിൽ അവതരിപ്പിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകുന്നതായിരിക്കും. കൂടാതെ ഇവർക്ക് കീഫ്ബിയിൽ ഇന്റേൺഷിപ് ചെയ്യുന്നതിനുള്ള അവസരവും ലഭിക്കുന്നതാണ്

ഇ-മെയിൽ : (1). event2019@kiifb.org (2). event2020@kiifb.org

ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകളും മറ്റു സമ്മാനങ്ങളും ലഭിക്കുന്നതാണ്.

**സൂചന**

(1) ഓരോ കോളേജിൽ/സ്കൂളിൽ നിന്നും 2 പേർ അടങ്ങുന്ന ഒരു ടീമിന് മാത്രമേ പ്രശ്നോത്തരിയിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളു. വേദിയിൽ നടക്കുന്ന പ്രാഥമിക റൗണ്ടിൽ വിജയികളാകുന്ന ആദ്യ നാലു ടീമുകൾക്ക് ഫൈനൽ റൗണ്ടിൽ മത്സരിക്കാൻ അവസരം ലഭിക്കുന്നതാണ്.

(2) ഉപന്യാസ രചന മത്സരത്തിൽ ഒരു സ്ക്കൂളിൽനിന്ന് ഒരു വിദ്യാർത്ഥിക്ക് പങ്കെടുക്കാം

(3) പേര് വിവരങ്ങളും പ്രബന്ധങ്ങളും രണ്ടു മെയ്ലുകളിലേക്കും അയക്കേണ്ടതാകുന്നു

(4) സ്കൂൾ / കോളേജ് അധികാരികൾ മുഖേനയല്ലാതെ ലഭിക്കുന്ന മത്സരാർത്ഥികളുടെ പേരുവിവരങ്ങൾ യാതൊരു കരണവശാലും സ്വീകരിക്കുന്നതല്ല.

(5) എല്ലാവിധ സംശയങ്ങളും ഇ മെയിലിലൂടെ മാത്രം അയയ്ക്കേണ്ടതാണ്

എസ്. ജെ. വിജയദാസ്
ചീഫ് പ്രോജക്ട് എക്സാമിനർ
**(ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കുവേണ്ടി)**